"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - കൃഷിക്കും ജീവനും സ്വത്തിനും വിനാശം വരുത്തുന്ന കാട്ടുപന്നികളെ നിയമാനുസൃതമായി നശിപ്പിക്കുന്നതിന് Honorary Wild Life Warden മാർ, അധികാരപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വനം വന്യജീവി (ഡി) വകുപ്പ്**

G.O.(Rt)No.239/2022/F&WLD തീയതി,തിരുവനന്തപുരം, 31-05-2022

---

**പരാമർശം:-** 1. സ.ഉ (കൈ) നം. 29/2022/വനം തീയതി 28.05.2022.

**<u>ഉത്തരവ്</u>**

പരാമർശ ഉത്തരവ് പ്രകാരം ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ അനുവദനീയമായ മാർഗ്ഗങ്ങളിലൂടെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട Honorary Wild Life Warden ന് അഥവാ അധികാരപ്പെട്ട ഉദ്യോഗസ്ഥന് അനുമതി നൽകി ഉത്തരവായിരുന്നു.

പ്രസ്തുത ആവശ്യത്തിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, മുൻസിപ്പൽ ചെയർപേഴ്സൺമാർ, കോർപ്പറേഷൻ മേയർമാർ എന്നിവരെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 4(1)(bb) പ്രകാരം Honorary Wild Life Warden മാർ ആയും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, മുൻസിപ്പൽ സെക്രട്ടറിമാർ, കോർപ്പറേഷൻ സെക്രട്ടറിമാർ എന്നിവരെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 4(1) (c) പ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥരായും നിയമിച്ച് ഉത്തരവാകുന്നു.

പരാമർശ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ, വന്യജീവി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 11 (1) (b) പ്രകാരമുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അധികാരം Honorary Wild Life Warden മാർക്കും, അധികാരപ്പെട്ട ഉദ്യോഗസ്ഥൻമാർക്കും വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 5(2) പ്രകാരം ഡെലിഗേറ്റ് ചെയ്യുവാനുള്ള നടപടി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
PRINCIPAL SECRETARY

അഡീഷണൽ ചീഫ് സെക്രട്ടറി , തദ്ദേശ സ്വയംഭരണ വകുപ്പ്.

ജില്ലാ കളക്ടർമാർ.

സംസ്ഥാന പോലീസ് മേധാവി, പോലീസ് ആസ്ഥാനം, തിരുവനന്തപുരം.

ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്.

ഡയറക്ടർ, നഗരകാര്യ വകുപ്പ്.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു. വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്